റേഡിയോതെറാപ്പി, മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി വിഭാഗങ്ങൾ ഉണ്ടാക്കി അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തി ഏകീകരിച്ച് മിനി ആർ.സി.സി.യാക്കി ഉയർത്താനാണ് വിഭാവന ചെയ്തിട്ടുള്ളത്. ആർ.സി.സി.യിൽ വിദഗ്ധ പരിശീലനം നേടിയ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കാവുന്നതാണ്.

(ബി) ഇക്കാര്യത്തിൽ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

താലൂക്ക് ആശുപത്രികളിലെ സൗജന്യ ഡയാലിസിസ്

16 (8076) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) താലൂക്ക് ആശുപത്രികളിലെ ഡയാലിസിസ് സെന്ററുകളിൽ സൗജന്യ സേവനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം കൊടുക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ആശുപത്രികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എറണാകുളം, കോഴിക്കോട്, ഇടുക്കി, മലപ്പുറം, കോട്ടയം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ ഡയാലിസിസ് സംവിധാനമുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യമായാണ് വൃക്കരോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നത്. ഡയാലിസിസ് സംവിധാനമുള്ള മറ്റ് സർക്കാർ ആശുപത്രികളിൽ 300-500 രൂപവരെയാണ് ഡയാലിസിസിന് ചാർജ്ജായി ഈടാക്കുന്നത്. ഡയാലിസിസി നാവശ്യമായ രാസവസ്തുക്കൾ/മരുന്നുകൾ എന്നിവയുടെ വില പരിഗണിച്ച് നാമമാത്രമായ തുകയാണ് ഈടാക്കുന്നത്. മിഷൻ 676-ൽ ഉൾപ്പെടുത്തി 601 മുതൽ 676 ദിവസം

LIBRARY ARCHIVES Kerala Legislative Assembly

വരെയുള്ള കർമ്മ പദ്ധതിയിൽ താലൂക്കാസ്ഥാന ആശുപത്രിവരെ സൗജന്യ ഡയാലിസിസ് സംവിധാനം സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട്, മിഷൻ 676 പ്ലാൻ ഫണ്ട്, എച്ച്.എം.സി., എൻ.ആർ.എച്ച്.എം., ആർ.ബി.എസ്.കെ. എന്നീ പദ്ധതികൾ മുഖേന ഡയാലിസിസ് സേവനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) പൂർണ്ണമായും അണുവിമുക്തമായതും എയർ കണ്ടീഷൻ സംവിധാനം ഉള്ളതുമായ മുറികളിലാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കേണ്ടത്. സ്ഥിരമായ കറന്റ് ലഭ്യത ആവശ്യമായതിനാൽ ജനറേറ്റർ/യു.പി.എസ്. സംവിധാനം അത്യാവശ്യമാണ്. സ്ഥിര ജലലഭ്യതയും ആർ. ഒ. പ്ലാൻ സംവിധാനവും അത്യാവശ്യമാണ്. ഡയാലിസിസ് നടക്കുമ്പോൾ ഉണ്ടാകുന്ന അത്യാഹിതങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ ഐ.സി.യു. സംവിധാനവും ഓക്സിജൻ സപ്ലൈയും അത്യാവശ്യമാണ്. ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ ഡയാലിസിസ് ടെക്നീഷ്യൻമാരുടെയും മറ്റ് അനുബന്ധ ജീവനക്കാരുടെയും തസ്തിക സൃഷ്ടിക്കുകയും ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുകയും ചെയ്യേണ്ടതുണ്ട്.

(ഡി) ഡയാലിസിസ് പ്രവർത്തിക്കുവാൻ വേണ്ടിയുള്ള പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) 5-2-2013-ലെ 114/13 നികുതി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാരുണ്യാ ബെനവലന്റ് ഫണ്ടിൽ നിന്നുമാണ് തുക വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

സൗജന്യ ഡയാലിസിസും സ്റ്റാനിംഗും

17 (8077) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സർക്കാർ ആശുപത്രികളിലെ ലാബുകളിൽ ഡയാലിസിസ്, സ്റ്റാനിംഗ് എന്നിവയ്ക്ക് സൗജന്യ സേവനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly